# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 09.09.2015

### ബഹിഷ്കരണസമരം ശക്തമാക്കുന്നു

## സെപ്തംബർ 15 മുതൽ അധ്യാപകർ അനിശ്ചിതകാല നിരാഹാരസമരത്തിലേക്ക്

സർക്കാരിന്റെ അധ്യാപകദ്രോഹ നടപടികൾക്കെതിരെ നടത്തിവരുന്ന ബഹിഷ്കരണസമരം ശക്തമായി തുടരാനും സെപ്തംബർ 15 മുതൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിക്കാനും കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു.

കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി അംഗവും കോഴിക്കോട് കൈതപ്പൊയിൽ ജി.യു.പി സ്കൂളിലെ പ്രഥമാധ്യാപികയുമായ വി.പി.ഇന്ദിരയേയും കോഴിക്കോട് ജില്ലാ എക്സി.അംഗവുമായ വി.ജെ.അബ്രഹാമിനേയും അകാരണമായി സ്ഥലംമാറ്റുകയും പിന്നീട് സസ്പെന്റ് ചെയ്യുകയുമായിരുന്നു. മുസ്ലീംലീഗിന്റെ പ്രാദേശിക നേതാവായ കൈതപ്പൊയിൽ ജി.യു.പി സ്കൂളിലെ പി.ടി.എ പ്രസിഡന്റിന്റെ പരാതിയെതുടർന്നാണ് ഇന്ദിരടീച്ചർക്കെതിരെ സർക്കാർ നടപടിയെടുത്തത്. സർക്കാരിന്റെ അധ്യാപകദ്രോഹനടപടികൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെപ്തംബർ 1 മുതൽ വിദ്യാർത്ഥികളുടെ പഠനപ്രവർത്തനത്തെ നേരിട്ട് ബാധിക്കാത്ത വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന എല്ലാ പരിപാടികളും ബഹിഷ്കരിക്കാൻ കെ.എസ്.ടി.എ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി അധ്യാപകദിനാഘോഷപരിപാടികൾ സംസ്ഥാനത്താകെ ബഹിഷ്കരിച്ചു. വിദ്യഭ്യാസ വകുപ്പ് അധികൃതരേയും വിദ്യാഭ്യാസ മന്ത്രിയേയും നിരവധിതവണ കണ്ട് പ്രശ്നം പരിഹരിക്കാനായി ആവശ്യപ്പെട്ടെങ്കിലും ഇതൊന്നും അംഗീകരിക്കാതെ അധ്യാപക ദ്രോഹനടപടികളുമായി മുന്നോട്ട് പോകുകയാണ് സർക്കാർ ചെയ്തത്.

മലപ്പുറത്ത് മുന്നിയൂരിൽ അനീഷിന്റെ കൊലപാതകത്തിലേക്ക് നയിച്ചതും ഇതേ നിലപാടാണ്. സംസ്ഥാനത്താകെ സർക്കാരും സർക്കാർ പിന്തുണയോടെ സ്വകാര്യസ്കൂൾ മാനേജർമാരും അധ്യാപകദ്രോഹനടപടികൾ തുടരുകയാണ്. ഇത്തരമൊരുഘട്ടത്തിലാണ് ബഹിഷ്കരണസമരം അതിശക്തമായി മുന്നോട്ടുകൊണ്ടുപോകാനും സെപ്തംബർ 15 മുതൽ നിരാഹരാസമരം ആരംഭിക്കാനും കെ.എസ്.ടി.എ തീരുമാനിച്ചത്.

കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിനുമുന്നിൽ സംസ്ഥാനനേതാക്കൾ സെപ്തംബർ 15 മുതൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിക്കും. സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് അന്നേദിവസം സംസ്ഥാനത്തെ സബ്ജില്ലാകേന്ദ്രങ്ങളിൽ അധ്യാപകപ്രകടനവും തുടർന്ന് സെപ്തംബർ 19 ന് മാർച്ചും ധർണയും നടക്കും. പരിപാടികൾ വൻവിജയമാക്കാൻ മുഴുവൻ അധ്യാപക സുഹൃത്തുക്കളോടും നറൽസെക്രട്ടറി കെ.സി.ഹരികൃഷ്ണൻ അഭ്യർത്ഥിച്ചു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി